

# ഇന്ത്യയിലേക്ക് വരൂ! വലിയൊരു കോരുവലയുമായി!

അസീം ശ്രീവാസ്തവ
പരിഭാഷ : ജിയോ ജോസ്

വലിയ കോർപ്പറേറ്റ് സംരംഭകരെ സംബന്ധിച്ചിടത്തോളം ഇന്നത്തെ ആഗോളീകൃത ലോകത്ത് ലാഭം വർദ്ധിപ്പിക്കുകയെന്നത് മാത്രമാണ് വളർച്ചയ്ക്കുള്ള വഴി. ആ ലാഭം പിന്നെയും മുതലായി മുടക്കുക. അങ്ങനെ ഈ ചാക്രിക ദുര തുടരുക. ഈ വൈകൃതത്തിനാണ് മുതലാളിത്തം എന്നു പറയുന്നത്. വേറെ ഒരു ലക്ഷ്യവുമില്ല, വേറെ ഒരു മാർഗ്ഗവുമില്ല. ആഗോളവത്ക്കൃത ലോകത്ത് വ്യവസായങ്ങൾ നിലനിൽക്കണമെങ്കിൽ അവയ്ക്ക് വേണ്ട ചിലവുകൾ കുറയ്ക്കണമെന്നതാണ് ഇന്ത്യൻ ഗവൺമെന്റിന്റെ വാദം. അതിനായി പരിസ്ഥിതി- തൊഴിൽ നിയമങ്ങളും മാനദണ്ഡങ്ങളും നികുതി ഇനങ്ങളും വെട്ടി കുറയ്ക്കുക. ഈ വക തടസ്സങ്ങൾ എടുത്തുമാറ്റിക്കൊണ്ട് ലാഭം വർദ്ധിപ്പിക്കുക അങ്ങനെ അത് തുടരുക. ഇതുമാത്രമാണ് സെസ്സിന് പുറകിലുള്ള യുക്തി. പ്രത്യേക സാമ്പത്തിക മേഖലകളെ ന്യായീകരിക്കുന്നതിന് പ്രധാനമായും അഞ്ച് കാരണങ്ങളാണ് അതിന്റെ വക്താക്കൾ അവതരിപ്പിക്കുന്നത്.

1) സെസ്സ് - വൻ സാമ്പത്തിക വളർച്ചയ്ക്ക് വഴി വയ്ക്കും. അങ്ങിനെ തൊഴിലുകൾ വർദ്ധിക്കുകയും സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുകയും ചെയ്യും.

2) ജനങ്ങൾക്ക് പ്രത്യക്ഷമായി അനേകം തൊഴിലുകൾ നൽകുക വഴി ഒരു തൊഴിൽദാതാവായി വർത്തിക്കും.

3) രാജ്യത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കും. രാജ്യത്തിന്റെ അടിസ്ഥാന സൗകര്യങ്ങളെ കുറിച്ച് പരാതികൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ഇത് വളരെ പ്രധാനപ്പെട്ടതാണ്.

4) രാജ്യത്തിന്റെ കയറ്റുമതി വർദ്ധിപ്പിക്കും. അതു വഴി വിദേശ നാണ്യശേഖരം വർദ്ധിക്കും. ഉദാഹരണത്തിന് നമുക്ക് കൂടുതൽ പെട്രോളിയം ഉല്പന്നങ്ങൾ വാങ്ങാൻ കഴിയുക വഴി അതു നമുക്ക് ഹാർഡ് കറൻസി ലഭ്യമാക്കും. ഓയിൽ വില കൂടുന്ന സാഹചര്യത്തിൽ വളരുന്ന സാമ്പത്തിക വ്യവസ്ഥയ്ക്ക് ഇത് അനിവാര്യമാണ്. അതിനാൽ കയറ്റുമതി വർദ്ധിപ്പിച്ചേ മതിയാകൂ.

5) അസാധാരണമായി തോന്നാം, അവസാനമായി പറയുന്നത് വിദേശ രാജ്യങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തുമെന്നാണ്.

നമുക്ക് ഈ ലക്ഷ്യങ്ങൾ ഓരോന്നായി പരിശോധിക്കുകയും ഇപ്പോൾ ഉണ്ടാക്കിയിരിക്കുന്ന സെസ്സ് നിയമത്തിന്റെ പശ്ചാത്തലത്തിൽ ഈ

ലക്ഷ്യങ്ങൾ നേടാൻ എന്തെങ്കിലും സാധ്യതകൾ ഉണ്ടോയെന്ന് നോക്കുകയും ചെയ്യാം.

ഒന്നാമതായി പറയുന്നത് വളർച്ചയാണെല്ലോ. ലക്ഷ്യം നേടിയെടുക്കാൻ എന്തെങ്കിലും സാധ്യതയുണ്ടെങ്കിൽ അത് ഈ ലക്ഷ്യമാണ്. സെസ്സ് നിയമം മൂലം ഉണ്ടാകുന്ന വളർച്ച കേവലം അക്കങ്ങളുടെ കളിയാണെന്ന് കാണാൻ കഴിയും. നിക്ഷേപം ആകർഷിക്കുന്നതിനായി തൊഴിൽ നിയമങ്ങളും പരിസ്ഥിതി നിയമങ്ങളും ലഘൂകരിച്ചുകൊണ്ട് വലിയ അളവിലുള്ള നികുതി ഇളവുകളാണ് (Tax shelter) സെസ്സുകൾക്ക് നൽകുന്നത്. വാണിജ്യ മന്ത്രാലയത്തിന്റെ വെബ് സൈറ്റ് പ്രകാരം കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ 66,000 കോടി രൂപയുടെ നിക്ഷേപമാണ് ഇന്ത്യയിലുണ്ടായിരിക്കുന്നത്. ഇത് രാജ്യത്തിന്റെ വളർച്ചാ നിരക്ക് വർദ്ധിപ്പിച്ചേക്കാം. പക്ഷെ എത്രത്തോളം സന്തുലിതമായ വളർച്ചയാണ് ഉണ്ടാവുക എന്ന ചോദ്യം ബാക്കി നിൽക്കുന്നു. ഈ വിഷയം വിശദമായി പിന്നീട് ചർച്ച ചെയ്യാം.

അടുത്തതായി പറയുന്നത് തൊഴിൽ വികസനമാണ്. കണക്കുകൾ പരിശോധിച്ചാൽ ഇതിന്റെ പുറകിലുള്ള കൗശലം കാണാൻ കഴിയും. നിക്ഷേപമായി വന്നിട്ടുള്ള 66,000 കോടി രൂപ കേവലം 2,13,000 തൊഴിലുകളാണ് ഉണ്ടാക്കിയിരിക്കുന്നത്. അതായത് 33 ലക്ഷം രൂപയ്ക്ക് ഒരു തൊഴിൽ. ഈ അനുപാതം ഉപയോഗിച്ചാൽ മതി ഇനി ഭാവിയിൽ വരുമെന്ന് പറയുന്ന യഥാർത്ഥ തൊഴിലുകളുടെ എണ്ണം കണ്ടുപിടിക്കാനും. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം (NREGA) ഈ തുകയുടെ പകുതി വിനിയോഗിച്ചാൽ തന്നെ എത്രയോ ഇരട്ടി തൊഴിലുകൾ ഉണ്ടാക്കാൻ കഴിയും. തലചുറ്റി മൂക്കിൽ തൊടുന്നതു പോലെ ഇത്തരം ഒരു വളഞ്ഞ വഴിയുടെ ആവശ്യമുണ്ടോ?

കോർപ്പറേറ്റ് കമ്പനികളുടെ പ്രധാന താത്പര്യം ലാഭമാണെന്ന കാര്യം എല്ലാവർക്കും അറിവു

**നിക്ഷേപമായി വന്നിട്ടുള്ള 66,000 കോടി രൂപ കേവലം 2,13,000 തൊഴിലുകളാണ് ഉണ്ടാക്കി യിരിക്കുന്നത്. അതായത് 33 ലക്ഷം രൂപയ്ക്ക് ഒരു തൊഴിൽ. ഈ അനുപാതം ഉപയോഗിച്ചാൽ മതി ഇനി ഭാവിയിൽ വരുമെന്ന് പറയുന്ന യഥാർത്ഥ തൊഴിലുകളുടെ എണ്ണം കണ്ടുപിടിക്കാനും. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം (NREGA) ഈ തുകയുടെ പകുതി വിനിയോഗി ച്ചാൽ തന്നെ എത്രയോ ഇരട്ടി തൊഴിലുകൾ ഉണ്ടാക്കാൻ കഴി യും. തലചുറ്റി മൂക്കിൽ തൊടുന്ന തു പോലെ ഇത്തരം ഒരു വളഞ്ഞ വഴിയുടെ ആവശ്യമുണ്ടോ?**

ള്ളതാണ്. തൊഴിൽ എന്നത് ഒരു പാർശ്വ ഫലം മാത്രം. ഇന്നത്തെ മത്സരാധിഷ്ടിത വിപണിയുടെ കാലത്ത് തൊഴിലിന് കൂടുതലായി ഒന്നും മുടക്കാൻ ഒരു സംരംഭകനും തയ്യാറാവില്ല. ചില കണക്കുകൾ കൂടി നമുക്ക് പരിശോധിക്കാം. എല്ലാ മുതൽ മുടക്കും വഴി എത്ര തൊഴിലുണ്ടാകുമെന്നും നോക്കാം. സെസ്സ് വഴി സംഘടിത മേഖലയിൽ എത്ര തൊഴിൽ ഉല്പാദിപ്പിക്കപ്പെടും? സംഘടിത മേഖലയുടെ പ്രകടനം നോക്കിയാൽ (അതിന്റെ പ്രവർത്തന രീതി ലോകത്ത് എല്ലായിടത്തും ഒരുപോലെയാണ്) എന്താണ് കാണാൻ കഴിയുക? ആദ്യം കുറച്ച് തൊഴിലുകൾ ഉണ്ടാകും. എന്നാൽ പിന്നീട് ചെലവ് ചുരുക്കലുകളുടേയും മറ്റും ഭാഗമായി യന്ത്ര സംവിധാനങ്ങളിലേക്ക് തൊഴിലുകൾ മാറ്റപ്പെടും. ഇരുപതോ മുപ്പതോ ആളുകൾക്ക് പകരം ഒരു മെഷീനറി മതിയാകും. തൊഴിലാളികളെ കുറച്ചു കൊണ്ടേയിരിക്കും. എങ്ങനെയാണ് ആളുകൾക്ക് ജോലി നഷ്ടപ്പെടുന്നത്? എങ്ങനെയാണ് വികസന യൂണിറ്റുകൾ വെട്ടിച്ചുരുക്കപ്പെടുന്നത് തുടങ്ങിയ കാര്യങ്ങൾ വിലയിരുത്തപ്പെടേണ്ടതുണ്ട്. രാജ്യത്തെ ഏറ്റവും വലിയ സ്റ്റീൽ കമ്പനിയാണ് ജാംഷഡ്പൂരിലെ ടാറ്റാ കമ്പനി. 1990 ൽ ഒരു മില്യൺ ടൺ സ്റ്റീലാണ് ഇവിടെ ഉല്പാദിപ്പിച്ചിരുന്നത്. അതായത് 10 ലക്ഷം ടൺ. അന്നവിടെ 85000 തൊഴിലാളികൾ ഉണ്ടായിരുന്നു. ഇന്ന് ഏഴിരട്ടി അതായത് ഏഴ് മില്യൺ ടൺ സ്റ്റീൽ ടാറ്റാ കമ്പനിയിൽ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. എന്നാൽ 30000 ത്തിൽ താഴെ മാത്രം തൊഴിലാളികളെ അവിടെ ജോലി ചെയ്യുന്നുള്ളൂ. പൂനെയിലുള്ള ടാറ്റാ ഇൻഡിക്ക പ്ലാന്റിലും പൂനെയിലെ തന്നെ ബജാജിന്റെ സ്ക്കൂട്ടർ പ്ലാന്റിലും കിർലോസ്ക്കർ പ്ലാന്റിലും ഇതേ അവസ്ഥ തന്നെ കാണാൻ കഴിയും. കിർലോസ്ക്കർ കമ്പനിയുടെ പ്ലാന്റിൽ ഒരു വ്യക്തിയാണ് 27 മെഷീൻ കൈകാര്യം ചെയ്യുന്നത്. അതു പോലെ നോക്കിയാ -ടെലികോം ഇൻഡസ്ട്രിയുടെ ഷോപ്പ് യൂണിറ്റിൽ വെറും നൂറുപേർ മാത്രമാണ് ജോലി ചെയ്യുന്നത്. മറ്റു മേഖലയിലുള്ള അനുബന്ധ തൊഴിലുകൾ കൂടി കണക്കിലെടുത്താൽ 1000 ൽ താഴെ പേർ മാത്രമാണ് അവിടെ ജോലി ചെയ്യുന്നത്. തൊഴിൽ സാധ്യത പലപ്പോഴും അവകാശപ്പെടുന്ന പോലെയല്ല എന്ന് കാണാൻ കഴിയും. 1991 ൽ 1.8 മില്യൺ തൊഴിലാളികളാണ് ഇന്ത്യൻ റെയിൽവേയിൽ ജോലി ചെയ്തിരുന്നത്. അതിനു ശേഷം എത്രയോ റെയിൽ പാതകളും സ്റ്റേഷനുകളും തീവണ്ടികളും വർദ്ധിച്ചിരിക്കുന്നു. എന്നാൽ തൊഴിലാളികളുടെ എണ്ണം 18 ലക്ഷത്തിൽ നിന്നും 12 ലക്ഷമായി കുറയുകയാണുണ്ടായത്.

ഗവൺമെന്റിന്റെ സാമ്പത്തിക സർവ്വെയുടെ കണക്കുകൾ പരിശോധിക്കുക. ഇന്ത്യൻ വ്യവസായത്തിൽ സംഘടിത മേഖലയിൽ 27.6 മില്ല്യൺ തൊഴിലാളികളാണ് ജോലി ചെയ്തിരുന്നതെങ്കിൽ 2006 ൽ അത് 26.4 മില്യൺ ആയി കുറഞ്ഞിരിക്കുന്നു. ഇന്ത്യയിലെ മൊത്തം തൊഴിൽ ശക്തിയിൽ 27 മില്ല്യൺ ആളുകൾക്കാണ് സംഘടിത മേഖലയിൽ തൊഴിൽ ലഭിച്ചിട്ടുള്ളത്. അതായത് 18% ത്തിലും താഴെ. ഈ കണക്കിന് കഴിഞ്ഞ പതിനേഴ് വർഷത്തിനിടയിൽ ഒരു മാറ്റവും സംഭവിച്ചിട്ടില്ല. ഞാൻ പറയുന്നതി

ന്റെ രത്നചുരുക്കം ഇത്രയുമാണ്. സെസ്സ് എന്ന പേരിലുള്ള വ്യവസായ വത്ക്കരണം കൊണ്ട് കാര്യമായ തൊഴിലുകൾ ഒന്നും തന്നെ ഉണ്ടാകാൻ പോകുന്നില്ല.

അടുത്ത ലക്ഷ്യത്തിലേക്ക് പ്രവേശിക്കുന്നതിനു മുൻപ് ഒരു കണക്ക് കൂടി നോക്കാം. കഴിഞ്ഞ 35 വർഷത്തിനിടയ്ക്ക് ഫോർച്യൂൺ 500 എന്നറിയപ്പെടുന്ന ലോകത്തിലെ ഏറ്റവും വലിയ 500 ബഹുരാഷ്ട്ര കുത്തക കമ്പനികൾ എത്ര തൊഴിലുകൾ ഉണ്ടാക്കിയിട്ടുണ്ട്? അതിന്റെ ഉത്തരം എന്നെ ഞെട്ടിക്കുക തന്നെ ചെയ്തു. 1973 ൽ അത് 20 മില്യൺ ആളുകൾക്കാണ് തൊഴിൽ നൽകിയിരുന്നതെങ്കിൽ ഇപ്പോഴതിന് യാതൊരു വ്യത്യാസവും സംഭവിച്ചിട്ടില്ല. ആട്ടോമേഷൻ, റോബോട്ടൈസേഷൻ മുതലായവ മൂലം പുതിയതായി ഒരു ജോലി പോലും ഉണ്ടാക്കപ്പെട്ടിട്ടില്ല. ആഗോളവത്ക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ വ്യവസായവത്ക്കരണത്തിന്റെ ഈ പാത തന്നെയാണ് ഇന്ത്യയും അനുഗമിക്കുന്നത്. തുറന്ന വിപണിയുടെ ഈ കാലഘട്ടത്തിൽ വ്യവസായവത്ക്കരണത്തിനുള്ള മാതൃക. അതുകൊണ്ട് തന്നെ ഈ മാതൃകയിൽ പ്രത്യേക സാമ്പത്തിക മേഖലയിൽ നിന്ന് കൂടുതൽ തൊഴിലുകളൊന്നും പ്രതീക്ഷിക്കേണ്ടതില്ല. ഇന്ത്യയിൽ എന്തുകൊണ്ട് അസമത്വം വർദ്ധിക്കുന്നു എന്നതിന്റെ കാരണവും വേറെ എങ്ങും അന്വേഷിച്ച് പോകേണ്ടതുമില്ല. ഈ അസമത്വം ഓരോ ദിവസം കഴിയുന്തോറും വർദ്ധിച്ചുകൊണ്ടുമിരിക്കുന്നു. അതിന്റെ കാരണവും കണ്ടെത്താൻ ബുദ്ധിമുട്ടില്ല. 1991 നു ശേഷം ഉല്പന്നങ്ങളുടെ മൂല്യവും അളവും ആറേഴ് ഇരട്ടിയായെങ്കിലും അവിടെ തൊഴിലെടുക്കുന്ന ആളുകളുടെ എണ്ണത്തിൽ ഉയർച്ചയുണ്ടായിട്ടില്ല. വരുമാനം കൂടുന്നത് സംഘടിത തൊഴിൽ മേഖലയിൽ പണി കിട്ടിയ ഭാഗ്യവാന്മാരായ ചെറു ന്യൂനപക്ഷത്തിനു മാത്രം. അവരുടെ വരുമാനം മാത്രം ഉയർന്നുകൊണ്ടിരിക്കുന്നു. ഇത് സാധാരണ ജനങ്ങളുമായുള്ള വരുമാനത്തിലുള്ള അന്തരം ഗണ്യമായി വർദ്ധിപ്പിച്ചിരിക്കുന്നു.

അടുത്തതായി കയറ്റുമതി മേഖല പരിശോധിക്കാം. സെസ്സ് നിയമപ്രകാരം സെസ്സിന് അനുമതി ലഭിക്കണമെങ്കിൽ ഒരു സംരംഭകൻ സെസ്സിൽ നിന്നുള്ള കയറ്റുമതി പോസിറ്റീവാണെന്ന് കാണിച്ചാൽ മതി. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ ഒരു സെസ്സിലെ എല്ലാ യൂണിറ്റുകളും കൂടി ഒന്നും തന്നെ ഇറക്കുമതി ചെയ്യുന്നില്ല എന്ന് വയ്ക്കുക. എന്നാൽ ഒരു ഡോളറിനുള്ള ഉല്പന്നം മാത്രമെങ്കിലും പുറം ലോകത്തേക്ക് കയറ്റി അയക്കുന്നു എങ്കിൽ ഈ നിർവചന പ്രകാരം അതിന് സെസ്സ് പരിഗണന നൽകാം. അത്രയും അന്തസാര ശൂന്യമാണ് ഇപ്പോഴത്തെ സെസ്സ് നിയമം. കയറ്റുമതിയേക്കാൾ കൂടുതലാണ് ഇറക്കുമതിയെങ്കിൽ അത് നമ്മുടെ വിദേശ നാണ്യശേഖരത്തിൽ വലിയ ഇടിവിന് കാരണമാകും. പ്രത്യേകിച്ച് ഒരു സംരംഭകൻ ലോക നിലവാരത്തിലുള്ള നഗരം നിർമ്മിക്കാൻ എല്ലാ തരത്തിലുള്ള അസംസ്കൃത വസ്തുക്കളും അനുബന്ധ ഉല്പന്നങ്ങളും പുറത്തുനിന്ന് ഇറക്കുമതി ചെയ്യുമ്പോൾ അതിനുള്ള എല്ലാ സാധ്യതയും ഉണ്ട്. വിചാരിച്ചതുപോലെ സ്വകാര്യ നിക്ഷേപം സ്വകാര്യ സെസ്സുകളിൽ വന്നില്ലായെങ്കിൽ അത് രാജ്യത്തിന്റെ വിദേശ നാണ്യ ശേഖരത്തിൽ കാര്യമായ ഇടിവ് സംഭവിപ്പിക്കും. അതു വഴി നേടാൻ ഉദ്ദേശിച്ച ലക്ഷ്യത്തിന്റെ നേർ വിപരീതമായിരിക്കും സംഭവിക്കുക. ഒരു അഭിമുഖത്തിൽ ഞങ്ങൾ വാണിജ്യകാര്യ മന്ത്രി ശ്രീ കമൽനാഥിനോട് ചോദിച്ചു ഒരു സംരംഭകന് ഈ നിബന്ധന എങ്കിലും പാലിക്കാനായില്ലെങ്കിൽ ആ സെസ്സിന് എന്ത് സംഭവിക്കുമെന്ന്? എന്നാൽ അദ്ദേഹത്തിന്റെ ലാഘവത്തോടെയുള്ള ഉത്തരം ഇങ്ങനെയായിരുന്നു. "വെൽ, എങ്കിൽ അത് ഒരു സെസ്സ് അല്ലെന്ന് കരുതേണ്ടി വരും. ഞങ്ങൾ ഒരു സംരംഭകന് നിക്ഷേപത്തിനുള്ള അന്തരീക്ഷം ഉണ്ടാക്കി കൊടുക്കുന്നു, അവസരം കൊടുക്കുന്നു. സെസ്സിന്റെ ലക്ഷ്യം കണ്ടില്ലെങ്കിൽ അത് ഞങ്ങളുടെ പ്രശ്നമല്ല." എന്താണ് ഇതിൽ നിന്ന് നാം മനസ്സിലാക്കേണ്ടത്? ഇതു കൂടാതെ ഹാർഡ് കറൻസിയുടെ സമ്പാദനവുമായി ബന്ധപ്പെട്ട ഒരു പ്രശ്നം കൂടി ഇതിൽ അന്തർഭവിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ ലോക വ്യാപാര സംഘടന ഇന്ത്യക്ക് ഒരു മുന്നറിയിപ്പ് വരെ നൽകിയിട്ടുണ്ട്. നിങ്ങളെല്ലാ തരത്തിലുള്ള സെസ്സുകൾക്കും അനുമതി നൽകുന്നു. എന്നാൽ നിങ്ങളുടെ 'ഡംബിങ്ങി'ന് (ഡംബിങ്ങ് എന്നു പറഞ്ഞാൽ വിപണി പിടിച്ചെടുക്കുന്നതിനായി യഥാർത്ഥ വിലയെക്കാൾ താഴെ ഉല്പന്നങ്ങൾ വിൽക്കുന്നതിനെയാണ്.) മറ്റ് രാജ്യങ്ങൾ വിലക്ക് ഏർപ്പെടുത്തിയാൽ എന്ത് ചെയ്യും? വിദേശ രാജ്യങ്ങൾക്ക് അവരുടെ താൽപര്യ സംരക്ഷണാർത്ഥം നമ്മുടെ ഉല്പന്നം നിരോധിക്കേണ്ടതുണ്ടെങ്കിൽ അതിനുള്ള എല്ലാ അവകാശവും ഉണ്ട്. മറ്റൊരു തരത്തിൽ പറഞ്ഞാൽ നമ്മുടെ കയറ്റുമതി തീരുമാനിക്കുന്നത് നമ്മൾ മാത്രമല്ല. പുറത്തെ വിപണി ലഭിച്ചില്ലെങ്കിൽ സെസ്സ് കൊണ്ട് എന്ത് പ്രയോജനം? സെസ്സിനെ രാജ്യത്തിനുള്ളിലെ വിദേശ രാജ്യമെന്നാണ് പറയുന്നത്. രാജ്യത്തിന്റെ മറ്റ് പ്രദേശങ്ങളിൽ നടക്കേണ്ട സാമ്പത്തിക ഇടപാടുകളാണ് വളരെയധികം നികുതി ഇളവുകൾ നൽകി, സെസ്സിൽ നടക്കുന്നത്. രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽ പൊതു ക്ഷേമത്തിനായി ഉപയോഗിക്കേണ്ട തുകയാണ് ഇങ്ങനെ നഷ്ടമാകുന്നത്.

സെസ്സിലുള്ള നിക്ഷേപങ്ങളിൽ പകുതിയോളം ഇപ്പോൾ നടക്കുന്നത് ഐ.ടി. മേഖലയിലാണ്. ഇത്രയും കാലം ഐ.ടി.മേഖലക്കുണ്ടായിരുന്ന നികുതി അവധി (Tax Holiday) അടുത്ത വർഷത്തോടെ ഇല്ലാതാവുന്നു. കഴിഞ്ഞ തവണ ഇന്ത്യൻ പ്രസിഡന്റ് സ്ഥാനാർത്ഥിയാവാൻ

കാർഷികമായി വളരെ ഫലഭൂയിഷ്ടമായ പ്രദേശങ്ങളിലാണ് ഇപ്പോൾ പുതിയ സെസ്സുകൾ വന്നുകൊണ്ടിരി ക്കുന്നത്. ഇത് കൃഷിയും വ്യവസായവും തമ്മിലുള്ള സംഘർഷത്തിന് വഴി വച്ചിട്ടുണ്ട്. എന്നാൽ കാർഷിക മേഖലയിൽ സെസ്സ് വരുന്നത് യാദൃശ്ചികമാണെന്ന് കരുതാനാവില്ല. എന്തുകൊണ്ടെന്നാൽ ആ പ്രദേശം ഏറ്റവും നല്ല കാർഷിക മേഖലയായതുകൊണ്ട് കൂടിയാണ് അവിടെ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുണ്ടായത്. മുംബൈയ്ക്കടുത്ത റായ്ഗഡ്, ബംഗാളിലെ ഹൂഗ്ലിബേസിൻ ഇവയെല്ലാം ഇതിന് ഉത്തമ ഉദാഹരണങ്ങളാണ്. എന്തുകൊണ്ടെന്നാൽ കഴിഞ്ഞ 60 വർഷങ്ങൾക്കുള്ളിൽ പശ്ചാത്തല സൗകര്യവികസനത്തിന് ഭാരത സർക്കാർ നല്ലൊരു തുക ഇവിടെ ചെലവഴിച്ചിട്ടുണ്ട്.

---

ഓട്ടപന്തയത്തിലുണ്ടായിരുന്ന ഇൻഫോസിസിന്റെ പ്രസിഡന്റ് നാരായണ മൂർത്തി ഞങ്ങൾക്ക് ഇനി നികുതി ഇളവുകൾ വേണ്ട എന്നു പറഞ്ഞതിന്റെ വ്യംഗ്യം ഇതാണ്. ഇതുവരെ സെസ്സിന് പുറത്തുണ്ടായിരുന്ന ഐ.ടി. സംരംഭങ്ങളെയെല്ലാം നികുതികളില്ലാത്ത സെസ്സിന് ഉള്ളിലേക്ക് ചേക്കേറിക്കൊണ്ടിരിക്കുന്നു. അങ്ങനെ ഇന്ത്യൻ ജനതയ്ക്ക് ലഭിക്കേണ്ടിയിരുന്ന കോടിക്കണക്കിന് രൂപയുടെ വരുമാനം നഷ്ടമാകുന്നു. രണ്ടായിരത്തി പതിനൊന്ന് വരെ ഇരുന്നൂറ് കോടിയോളം രൂപയുടെ നഷ്ടം ഉണ്ടാകുമെന്നാണ് സാമ്പത്തിക മന്ത്രാലയം തന്നെ കണക്കാക്കുന്നത്. അതേ സമയം കയറ്റുമതിയുടെ പേരിലുള്ള വായ്ത്താരികളെല്ലാം ലക്ഷ്യം കാണാതെ പോകുകയും ചെയ്യുന്നു. കഴിഞ്ഞ 5 വർഷത്തെ വ്യാപാര കണക്കുകൾ പരിശോധിച്ചാൽ വിദേശ വ്യാപാരം കമ്മിയിലാണെന്ന് കാണാൻ കഴിയും. ഇറക്കുമതി വളരെയധികം വർദ്ധിച്ചു വരുമ്പോൾ കയറ്റുമതി നാമമാത്രമാണ് വർദ്ധിച്ചിട്ടുള്ളത്. അതായത് കയറ്റുമതിയും ഇറക്കുമതിയും തമ്മിലുള്ള വിടവ് വർദ്ധിച്ചു വരുന്നു. ഇത് ഒരു വിദേശ നാണ്യ പ്രതിസന്ധിയിലേക്ക് വീണ്ടും രാജ്യത്തെ എത്തിക്കുമെന്നതിൽ സംശയമില്ല. അന്താരാഷ്ട്ര നാണ്യ നിധിയിൽ നിന്ന് വീണ്ടും ഒരു വായ്പയ്ക്കായി ഇന്ത്യയ്ക്ക് ചെല്ലേണ്ടി വരും. നമ്മൾ വീരവാദം മുഴക്കുന്ന വിദേശ നാണ്യ കരുതൽ ശേഖരം എപ്പോൾ വേണമെങ്കിലും തകർന്നടിയാം.

അടുത്തതായി അടിസ്ഥാന സൗകര്യ വികസനം എത്രത്തോളമുണ്ടാകുമെന്ന് പരിശോധിക്കാം. അടിസ്ഥാന സൗകര്യം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? അവ പ്രാഥമികമായി ജലം, വൈദ്യുതി, ഗതാഗത സൗകര്യങ്ങൾ തുടങ്ങിയവയാണ്. ഗവൺമെന്റ് അവകാശപ്പെടുന്നത് സെസ്സ് മാതൃകയാണ് യഥാർത്ഥ അടിസ്ഥാന വികസനമെന്നാണ്. എന്നാൽ ശ്രദ്ധിക്കേണ്ട സംഗതി ഇപ്പോൾ തന്നെ അടിസ്ഥാന സൗകര്യങ്ങൾ വികസിതമായിട്ടുള്ള പ്രദേശങ്ങളിലാണ് പുതിയ സെസ്സിനുള്ള എല്ലാ അപേക്ഷകളും നൽകിയിരിക്കുന്നതെന്നാണ്. രാജസ്ഥാനിലെ താർ മരുഭൂമിയിലോ മദ്ധ്യപ്രദേശിലെ ചമ്പൽ താഴ്‌വരയിലോ മറ്റ് അവികസിത മേഖലകളിലോ ആരും സെസ്സിന് അപേക്ഷ നൽകിയിട്ടില്ല. ഇപ്പോൾ അംഗീകാരം ലഭിച്ചിട്ടുള്ള സെസ്സുകൾ അടയാളപ്പെടുത്തിയാൽ അവ ഭൂരിഭാഗവും തീരദേശ മേഖലകളിലാണ് എന്ന് കാണാൻ കഴിയും. ഗുജറാത്തിലെ കാണ്ട്ല മുതൽ കേരള തീരം വരെ. പിന്നെ കോറമാണ്ടൽ തീരവും കടന്ന് ബംഗാളിലെ നന്ദിഗ്രാം വരെ. തീരപ്രദേശം മുഴുവൻ സെസ്സിനായി മാറ്റി വയ്ക്കപ്പെട്ടിരിക്കുന്നു. ഉൾനാടുകളിലാവട്ടെ വികസിതമായ പശ്ചാത്തലസൗകര്യമുള്ള ജയ്പൂർ, ഇൻഡോർ, നാഗ്പൂർ, ഹൈദരാബാദ് തുടങ്ങി നഗരങ്ങളോട് ചേർന്നാണ് സെസ്സുകൾ വരാൻ പോകുന്നത്. അതായത് സർക്കാർ ഇപ്പോൾ തന്നെ വികസിപ്പിച്ച പ്രദേശങ്ങളിൽ തന്നെയാണ് സെസ്സിന് അനുമതി നൽകുന്നത്. പവർ പ്ലാന്റിനായി നല്ല റോഡ് വേണമെന്നും വൈദ്യുതി വേണമെന്നുമൊക്കെ നിങ്ങൾക്ക് വാദിക്കാം. അതൊക്കെ ശരിയുമാണ്. പക്ഷെ പലപ്പോഴും ജനങ്ങൾക്ക് വേണ്ടിയുള്ള അടിസ്ഥാന സൗകര്യമല്ല അവരുണ്ടാക്കുന്നത്. ഉദാഹരണത്തിന് ഡൽഹിയിലെ ഗുർഗാവിലെ സെസ്സുണ്ടാക്കിയിട്ടുള്ള പശ്ചാത്തല സൗകര്യം വലിയ ഷോപ്പിംഗ് മാളുകളും മറ്റുമാണ്. മാത്രമല്ല ഇവിടേക്ക് അവർക്ക് മാത്രമേ പ്രവേശനമുള്ളൂ (ക്യാപ്റ്റീവ്). അവരുടെ ആവശ്യത്തിനാണ് ഇതുണ്ടാക്കിയിരിക്കുന്നത്. പൊതുജനങ്ങളുടെ ആവശ്യത്തിനല്ല. ഇത്തരം അടിസ്ഥാന സൗകര്യ വികസനത്തിന് ഒരു പൊതു ന്യായീകരണവും നൽകാൻ കഴിയില്ല. പോസ്കോ (Posco) ഒറീസ്സയിലെ പാരാദ്വീപിൽ അവരുടെ സ്വകാര്യ ആവശ്യത്തിന് മാത്രമായി ഒരു തുറമുഖമുണ്ടാക്കുന്നു. അവരുടെ ഉല്പന്നങ്ങൾ അകത്തോട്ടും പുറത്തോട്ടും കൊണ്ടു പോകുന്നതിനായി അത് ഉപയോഗിക്കുന്നു. പൊതുജനത്തിന് ഇതിലൊരു കാര്യവുമില്ല. കാർഷികമായി വളരെ ഫലഭൂയിഷ്ടമായ പ്രദേശങ്ങളിലാണ് ഇപ്പോൾ പുതിയ സെസ്സുകൾ വന്നു കൊണ്ടിരിക്കുന്നത്. ഇത് കൃഷിയും വ്യവസായവും തമ്മിലുള്ള സംഘർഷത്തിന് വഴി വച്ചിട്ടുണ്ട്. എന്നാൽ കാർഷിക മേഖലയിൽ സെസ്സ് വരുന്നത് യാദൃശ്ചികമാണെന്ന് കരുതാനാവില്ല.

എന്തുകൊണ്ടെന്നാൽ ആ പ്രദേശം ഏറ്റവും നല്ല കാർഷിക മേഖലയായ തുകൊണ്ട് കൂടിയാണ് അവിടെ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുണ്ടായത്. മുംബൈയ്ക്കടുത്ത റായ്ഗഡ്, ബംഗാളിലെ ഹൂഗ്ലി ബേസിൻ ഇവയെല്ലാം ഇതിന് ഉത്തമ ഉദാഹരണങ്ങളാണ്. എന്തുകൊണ്ടെന്നാൽ കഴിഞ്ഞ 60 വർഷങ്ങൾക്കുള്ളിൽ പശ്ചാത്തല സൗകര്യ വികസനത്തിന് ഭാരത സർക്കാർ നല്ലൊരു തുക ഇവിടെ ചെലവഴിച്ചിട്ടുണ്ട്. റോഡിനും ജലസേചനത്തിനും വൈദ്യുതിക്കുമൊക്കെയായി. കാർഷിക അഭിവൃദ്ധിക്കായി കഴിഞ്ഞ 60 വർഷക്കാലം വളരെ കഷ്ടപ്പെട്ടുണ്ടാക്കിയ അടിസ്ഥാന സൗകര്യങ്ങൾ പോലും സെസ്സിന്റെ പേരിൽ കവർന്നെടുക്കപ്പെടുന്നു. അതുകൊണ്ട് സെസ്സിനായി ഭൂമി മാത്രമല്ല കൃഷിയിൽ നിന്നെടുക്കുന്നത്. അതിനായി ഉണ്ടാക്കിയ അടിസ്ഥാന സൗകര്യങ്ങൾ കൂടിയാണ്. അതും ഭക്ഷ്യ സുരക്ഷിതത്ത്വം വൻ ഭീഷണി നേരിടുന്ന ഈ സന്ദർഭത്തിൽ. ആകെ കൃഷി ചെയ്യുന്ന 142 ദശലക്ഷം ഹെക്ടറിൽ 7 ദശലക്ഷം ഹെക്ടർ തോട്ടവിളകൾക്കും കയറ്റുമതി വിളകൾക്കുമായി കഴിഞ്ഞ ദശകത്തിൽ മാറ്റപ്പെട്ടു കഴിഞ്ഞു. ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്ന സ്ഥലത്തു നിന്നാണ് ഇങ്ങനെ മാറ്റപ്പെടുന്നത് എന്ന് ഓർക്കണം. ഇപ്പോൾ മറ്റൊരു ഭീഷണി കൂടി വരുന്നു. 12 ദശലക്ഷം ഹെക്ടർ സ്ഥലത്ത് ജൈവഇന്ധനം ഉണ്ടാക്കാൻ ജെട്രോഫ (ഒരുതരം ആവണക്ക്) നടാൻ പോകുന്നു. മിച്ചഭൂമിയിലും തരിശുഭൂമിയിലുമൊന്നുമല്ല ഇതു ചെയ്യാൻ പോകുന്നത്. ഭക്ഷ്യവിളകൾ കൃഷി ചെയ്തു കൊണ്ടിരിക്കുന്ന സ്ഥലത്ത് തന്നെയാണ്.

ഏറ്റവും ചുരുങ്ങിയത് 60 ശതമാനത്തോളം ജനങ്ങൾ കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ഇന്ത്യയിൽ കേവലം 5 ശതമാനം തുക മാത്രമാണ് 12-ാം പഞ്ചവത്സര പദ്ധതിയിൽ കൃഷിക്കായി മാറ്റി വച്ചിരിക്കുന്നത്. കാർഷിക മേഖലക്കായി മാറ്റി വയ്ക്കുന്ന പണം ഒരു വശത്ത് കുറച്ചു കൊണ്ട് വരുമ്പോൾ മറുവശത്ത് കൃഷി ഭൂമികളും പശ്ചാത്തല സൗകര്യങ്ങളും അതിവേഗം കവർന്നെടുത്ത് നശിപ്പിച്ചു കൊണ്ടിരിക്കുന്നു. ഭക്ഷ്യസുരക്ഷിതത്ത്വം ഭീഷണി നേരിടുന്ന ഈ കാലഘട്ടത്തിൽ ഇതിന് വിഡ്ഢിത്തം എന്നല്ലേ പറയേണ്ടത്? കുറ്റകരമായ വിഡ്ഢിത്തം.

ലോക ജനസംഖ്യയിലെ പകുതിയിലധികം കുട്ടികൾ ഭക്ഷണമില്ലായ്മയും പോക്ഷകാംശ കുറവും നേരിടുമ്പോൾ മൂന്നിലൊന്ന് സ്ത്രീകൾ പട്ടിണിയിലായിരിക്കുമ്പോൾ കൃഷി ഭൂമിയും മറ്റ് അനുബന്ധ സൗകര്യങ്ങളും കൃഷിയിൽ നിന്ന് ഒഴിവാക്കപ്പെടുന്നു. ഓരോ വർഷവും കൃഷിക്കായി മാറ്റി വയ്ക്കുന്ന വിഹിതം (കഴിഞ്ഞ തെരഞ്ഞെടുപ്പ് വർഷമൊഴിച്ച്)കുറഞ്ഞു കുറഞ്ഞു വരുന്നു. അതുകൊണ്ട് സെസ്സ് പശ്ചാത്തല വികസനം കൊണ്ടു വരുമെന്ന വാദം ഒരു തരത്തിലും ന്യായീകരിക്കാവുന്നതല്ല.

ഒന്നു രണ്ട് കാര്യങ്ങൾ കൂടി സൂചിപ്പിച്ചു കൊള്ളട്ടെ ആഗോള സാമ്പത്തിക രംഗം ഇന്ത്യയെ വളർന്നു വരുന്ന സാമ്പത്തിക ശക്തിയായിട്ടാണ് കാണുന്നത്. സാമ്പത്തിക മേഖലയിലെ തീരുമാനങ്ങളെ സ്വാധീനിക്കാൻ കഴിയുന്ന ഒരു ശക്തി. ആഗോള മൂലധനം ഇന്ത്യയെ ഒരു വിളഭൂമിയായി കാണുന്നു. അതിന് ലളിതമായ ഒരു കാരണമേയുള്ളൂ. ഇന്ത്യയുടെ വിപുലമായ സാമ്പത്തിക വിപണന മേഖല. സെസ്സിനുള്ള നിക്ഷേപവും ഇന്ത്യയിലെ സ്റ്റോക്ക് മാർക്കറ്റിലുള്ള നിക്ഷേപവുമായി വളരെ അടുത്ത ബന്ധം കൂടി നാം ശ്രദ്ധിക്കേണ്ടതുണ്ട്. നിങ്ങൾ ഒരു ധനികനോ ധനിക രാജ്യമോ ആണെന്നു കരുതുക. നിങ്ങളുടെ നിക്ഷേപത്തിന് പരമാവധി റിട്ടേണായിരിക്കും നിങ്ങൾ പ്രതീക്ഷിക്കുക. ആഗോള സാമ്പത്തിക മേഖലയിലേക്ക് ഇന്ത്യയിൽ നിന്നുള്ള റിട്ടേൺ എന്താണ്? ടൈംസ് ഓഫ് ഇന്ത്യ കുറച്ചു നാളുകൾക്കു മുമ്പ് സ്റ്റോക്ക് മാർക്കറ്റുകളെ സംബന്ധിച്ച ചില കണക്കുകൾ പ്രസിദ്ധീകരിച്ചിരുന്നു. അത് പ്രകാരം ഇന്ത്യൻ സ്റ്റോക്ക് മാർക്കറ്റ് 43 ശതമാനം റിട്ടേൺ ആണ് ആഗോള നിക്ഷേപകർക്ക് നൽകിയത്. ബീജിംഗ് സ്റ്റോക്ക് മാർക്കറ്റ് അത് 33 ശതമാനവും. ന്യൂയോർക്കിലെ വാൾ സ്ട്രീറ്റത് 5 ശതമാനവുമായിരുന്നു. പുറം രാജ്യത്ത് നിക്ഷേപിക്കുമ്പോൾ പലകാര്യങ്ങളും ശ്രദ്ധിക്കേണ്ടതുണ്ട്. നഷ്ടം സംഭവിക്കുവാൻ സാധ്യത ഉള്ളപ്പോൾ തന്നെ റിട്ടേൺ ആണ് പ്രധാനപ്പെട്ട സംഗതി( കീ വേരിയബിൾ). ഇത്രയും ആദായം ഒരു രാജ്യം തരുമെങ്കിൽ നിങ്ങൾ തീർച്ചയായും അവിടെ നിക്ഷേപിക്കാൻ ആഗ്രഹിക്കും. പക്ഷെ നിങ്ങൾക്ക് നിങ്ങളുടെ നിക്ഷേപം വേണ്ടപ്പോൾ തിരിച്ചെടുക്കാൻ സാധിക്കുമോ എന്നതാണ് സുപ്രധാന കാര്യം. ഇത് കുറച്ച് സാങ്കേതികമാണ്. എന്നാൽ മനസ്സിലാക്കേണ്ടത് അത്യാവശ്യവുമാണ്. ക്യാപ്പിറ്റൽ അക്കൗണ്ടിൽ രൂപയുടെ പരിവർത്തന സാധ്യത (കൺവെർട്ടബിലിറ്റി) എന്താണ്?

സ്റ്റോക്ക് മാർക്കറ്റിൽ ക്യാപ്പിറ്റൽ അക്കൗണ്ട് കൺവെർട്ടബിലിറ്റി എന്നു പറഞ്ഞാൽ നാളെ എനിക്കെന്റെ പണം പിൻവലിക്കണമെന്നുണ്ടെങ്കിൽ അതുടനെ സാധിക്കുമോ എന്നുള്ളതാണ്. അവിടെ കാലവിളംബം (Blocking period) ഉണ്ടാവാൻ പാടില്ല. എന്നാൽ ചൈന, ചിലി മലേഷ്യ (1997 ലെ) എന്നിവിടങ്ങളിൽ നിങ്ങൾക്കതിന് സാധിക്കില്ല. സാമ്പത്തിക ഉദാരവത്ക്കരണത്തിലൂടെ കഴിഞ്ഞ കുറേ കാലമായി ക്യാപ്പിറ്റൽ അക്കൗണ്ട് കൺവെർട്ടബിലിറ്റിക്കാണ് ലോക ബാങ്കും അന്താരാഷ്ട്ര നാണ്യ നിധിയും ഇന്ത്യയെ നിർബന്ധിച്ചു കൊണ്ടിരുന്നത്. ഒരിക്കലത് ചെയ്ത് കഴിഞ്ഞാൽ ആഗോള മൂലധനത്തിന് നിങ്ങൾ വാതിൽ പൂർണമായും തുറന്നിട്ട് കഴിഞ്ഞു. വരൂ ഇന്ത്യയിലേക്ക്....... വലിയൊരു കോരു വലയുമായി....

*(ചെന്നൈയിൽ സെപ്റ്റംബർ 14 ന് സെസ്സിനെതിരെ നടന്ന ദക്ഷിണ മേഖലാ സംസ്ഥാനങ്ങളുടെ യോഗത്തിലവതരിപ്പിച്ച പ്രഭാഷണത്തിന്റെ പരിഭാഷ.)*